## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 19      05.03.2012 ലെ മറുപടിയ്ക്ക്

### വാണിജ്യ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക

ചോദ്യം

ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീ. ജി.എസ്. ജയലാൽ
ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി. ഇ.എസ്. ബിജിമോൾ

ഉത്തരം

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം വാണിജ്യ നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യ മിട്ടിരുന്ന തുക എത്രയാണ് ; ഇതു വരെ ഈ ഇനത്തിൽ എത്ര തുക പിരിച്ചെടു ക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെ ടുത്തുമോ ; | (എ) | 19427.90 കോടി രൂപ<br>29.02.2012 വരെ ഈ ഇനത്തിൽ 16619.46 കോടി രൂപ പിരിച്ചെടുത്തു. |
| (ബി) | നികുതി വകുപ്പിൽ കഴിഞ്ഞ കാലത്ത് നട പ്പിലാക്കിയ ഇ-പേയ്മെന്റ് , ഇ-ഫയലിംഗ്, അഴിമതിരഹിത ചെക്ക് പോസ്റ്റുകൾ തുട ങ്ങിയ പരിഷ്കാരങ്ങളുടെ ഭാഗമായി നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇപ്പോൾ നികുതി വരുമാനത്തിൽ കുറവുണ്ടാകാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്.<br>29.02.12 വരെയുള്ള കണക്കനുസരിച്ച് നികുതി വരുമാനത്തിൽ 19 % വർദ്ധന വാണ് ഉണ്ടായിട്ടുള്ളത്. |
| (സി) | നികുതി വെട്ടിപ്പ് നടത്തി സംസ്ഥാനത്തിന കത്തേക്ക് സാധനങ്ങൾ കടത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാ ക്കുമോ ? | (സി) | നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷ മവും ഫലപ്രദവുമായ പദ്ധതികൾക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 75 ആയി വർദ്ധിപ്പി ക്കുകയും വാഹന പരിശോധന ഊർജ്ജിത മാക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ചെക്ക് പോസ്റ്റുകൾ വഴി വരുന്ന വാഹനങ്ങൾ ഓവർ ചെക്കിംഗ് നടത്തുകയും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഇന്റലിജൻസ് വിഭാഗം ഏറ്റെടുത്തു നടത്തുകയും ചെയ്തു വരുന്നു. നികുതി വെട്ടിച്ച് കടത്തി വരുന്ന സാധനങ്ങൾ വാഹന പരിശോധനയിലൂടെയും ചെക്ക് പോസ്റ്റ് സംവിധാനത്തിലൂടെയും കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ നിഷ്കർഷിക്കുന്ന വിധത്തിൽ ജാമ്യത്തുക ഈടാക്കി വിടുകയോ ഉടമസ്ഥാവകാശം തിരിച്ചറിയാൻ കഴിയാത്ത സാഹചര്യത്തിൽ ലേലം ചെയ്ത് മുഴുവൻ തുകയും സർക്കാർ ഖജനാവിലേയ്ക്ക് അടയ്ക്കുകയും ചെയ്തു വരുന്നു. കൂടാതെ ചെക്ക് പോസ്റ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഊടുവഴികളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധന ശക്തമാക്കി എല്ലാ ജില്ലകളിലും ഇൻസ്പെക്റ്റിംഗ് അസിസ്റ്റന്റ് കമ്മീഷണർമാർ (ഇന്റലിജൻസ്) ഓഫീസുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ റെയിൽ, ലക്ഷ്വറി ബസ് എന്നിവയിലൂടെ സാധനങ്ങൾ നികുതി വെട്ടിപ്പ് നടത്തി കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇവ നിരന്തരം പരിശോധനക്ക് വിധേയമാക്കുന്നുണ്ട്.<br>നികുതി വെട്ടിപ്പ് തടയുന്നതിന്റെ ഭാഗമായി വാണിജ്യ നികുതി കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ സെല്ലിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്ന റിട്ടേണിൽ നിന്നുള്ള വിവരങ്ങൾ ക്രോഡീകരിച്ച് ശാസ്ത്രീയമായി വിശകലനം ചെയ്ത് നികുതി കുറച്ച് നൽകുന്ന കച്ചവടക്കാരുടെ കണക്കുകൾ ഒത്തു നോക്കുന്നതിനും ഇന്റലിജൻസ് വിഭാഗത്തെ കൊണ്ട് അവരുടെ സ്റ്റോക്ക് പരിശോധന നടത്തുന്നതിലേക്കും വേണ്ടി ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ പുതിയതായി ഒരു ഡാറ്റാ മൈനിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ